**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3164** **14-02-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ സർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ , ശ്രീ. കെ. പ്രേംകുമാർ, ശ്രീ വി കെ പ്രശാന്ത്, ശ്രീ ഡി കെ മുരളി | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി മനസ്സിലാക്കുന്നതിനായി സർവ്വേ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരളത്തിലെ കടൽ മേഖലയിലും ഉൾനാടൻ മേഖലയിലും ഉൾപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക അവസ്ഥയെ സംബന്ധിക്കുന്ന വിവര ശേഖരണത്തിനായി ഫിഷറീസ് വകുപ്പ് ഓരോ പത്ത് വർഷം കൂടുമ്പോഴും സോഷ്യോ ഇക്കണോമിക് സെൻസസ് നടത്തി വരുന്നു. 2013 ലാണ് അവസാനമായി ഈ സർവ്വേ നടത്തിയിട്ടുള്ളത്. 2013 വരെ സാമ്പിൾ സർവ്വേ രീതിയിലാണ് ഫീൽഡിൽ നിന്നും വിവര ശേഖരണം നടത്തിയിരുന്നത് . എന്നാൽ 2023 വർഷത്തിൽ എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നും വിവര ശേഖരണം ഉറപ്പാക്കുന്ന സെൻസസ് രീതിയിലാണ് വിവര ശേഖരണം നടത്തുന്നത്. ഏകദേശം 2.3 ലക്ഷം മത്സ്യത്തൊഴിലാളി കുടുംബംങ്ങളുടെ 100 % ജിയോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം (GIS) അധിഷ്ഠിത ഡാറ്റയാണ് ഈ സെൻസസിലൂടെ ശേഖരിക്കുന്നത് . |
| (ബി) | എങ്കിൽ സർവ്വേ എന്നത്തേക്ക് ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; | (ബി) | 2023 ഓഗസ്റ്റ് മാസത്തിൽ സോഷ്യോ ഇക്കണോമിക് സെൻസസ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് . സെൻസസ് ചെയ്യുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നത് , ഫീൽഡ് സ്റ്റാഫിനുള്ള ജില്ലാതല പരിശീലനം തുടങ്ങിയ പ്രാരംഭ ഘട്ട നടപടികൾ പൂർത്തിയായിട്ടുണ്ട് . നിലവിൽ എല്ലാ ജില്ലകളിലും ഫീൽഡ് തല ഡാറ്റാ ശേഖരണം നടന്നു വരുന്നു. |
| (സി) | എന്തെല്ലാം സാമ്പത്തിക-സാമൂഹിക ഘടകങ്ങളാണ് പഠനത്തിനായി ശേഖരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | ഈ സെൻസസിലൂടെ ശേഖരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള സാമൂഹിക സാമ്പത്തിക ഘടകങ്ങൾ ചുവടെ ചേർക്കുന്നു |

| | | | |
|---|---|---|---|
| | | | 1. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച തിരിച്ചറിയൽ വിവരങ്ങൾ<br>2. കുടുംബാംഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ .<br>3. ഭവനത്തെ സംബന്ധിച്ച വിവരങ്ങൾ.<br>4. ഗാർഹിക സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ<br>5. സാമ്പത്തികം.<br>6. വായ്പയെ സംബന്ധിച്ച വിവരങ്ങൾ.<br>7. മത്സ്യബന്ധന ഉപകരണങ്ങളെ സംബന്ധിച്ച വിവരങ്ങൾ.<br>8. അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത. |

സെക്ഷൻ ഓഫീസർ